# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വേളൂക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി 15)1968/2023)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 23/12/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വേളൂക്കര ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി 15)1968/2023) തീയ്യതി: 23/12/2023

## തൃശ്ശൂർ ജില്ലയിലെ വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2022 മുതൽ 05-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു.പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 06-12-2023 | 14-12-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-12-2023 | 14-12-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി ഷീന കെ. ടി, ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ.)

ശ്രീ.നിർമ്മൽ.കെ.ജി, ഓഡിറ്റ് ഓഫീസർ

ശ്രീമതി.നിലൂഫർ ബി.ഐ.,ഓഡിറ്റർ

ശ്രീമതി ധന്യ ദിലീപ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.എസ്.ധനീഷ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ.എം.എഫ്.ജോസ് | സെക്രട്ടറി | 01-04-2022 | 05-06-2022 |
| ശ്രീമതി.പി.ജയ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-06-2022 | 12-08-2022 |
| ശ്രീ.എം.എഫ്.ജോസ് | സെക്രട്ടറി | 13-08-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശ്രുതി .എൻ.സുബ്രഹ്മണ്യൻ | അസി.എഞ്ചിനീയർ | 01-04-2022 | 26-09-2022 |
| ശ്രീമതി.ലൈഷ അശോകൻ | അസി.എഞ്ചിനീയർ | 27-09-2022 | 31-03-2023 |
| ഡോ.തനൂജ .കെ | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ.പ്രശോഭ് കുമാർ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 17-06-2022 |
| ഡോ. ബർനറ്റ് ഐപ്പ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 18-06-2022 | 31-03-2023 |
| ഡോ. നീലിമ കെ.എൻ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ഡോ.മഞ്ജു പി.എം | വെറ്ററിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി.പി.ജയ | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി.ഐശ്വര്യമോൾ ഫ്രാൻസിസ് | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2022 | 10-01-2023 |
| ശ്രീമതി.രജികഎം.ച്ച് | ഐസിഡിഎസ് സൂപ്പർവൈസർ | 11-01-2023 | 31-03-2023 |
| ശ്രീമതി.ബിന്ദു .സി | ഹെഡ്മിസ്ട്രസ്, ജി.യു.പി.എസ് കട്ടപ്പശ്ശേരി | 01-04-2022 | 31-03-2023 |
| ശ്രീമതി.ധന്യ .വി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഇഷ മുരളി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 10-10-2022 |
| ശ്രീ.കെ.യു.ശ്രീനാഥ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 11-10-2022 | 31-10-2022 |
| ശ്രീമതി.കവിത കെ.എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-11-2022 | 31-03-2023 |
| ശ്രീമതി.ജിബിന എം.എം | ഫിഷറീസ് സബ്ബ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.അജിത.പി.ബി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (നടവരമ്പ് സർക്കിൾ) | 01-04-2022 | 26-07-2022 |
| ശ്രീ.സുരേഷ്.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (നടവരമ്പ് സർക്കിൾ) | 27-07-2022 | 31-03-2023 |
| ശ്രീമതി.ബബിത.പി.ബി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കൊറ്റനെല്ലൂർ സർക്കിൾ) | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. | 1-1-2 |
| 4 | മുൻകൂർ തുക തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി | 1-1-3 |
| 5 | കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ശീർഷകത്തിലേക്ക് മാറ്റിയില്ല | 1-1-4 |
| 6 | "Cheque Deposited But Not Encashed " എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ട ഇനങ്ങൾ "Directly Debited By Bank" എന്ന ശീർഷകത്തിൽ ചേർത്ത് ബാങ്ക് റികൺസിലിയേഷൻ പത്രിക പൊരുത്തപ്പെടുത്തി | 1-1-5 |
| 7 | "Cheque Issued But Not Presented"എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ട ഇനങ്ങൾ “Directly Credited By Bank” എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി ബാങ്ക് റികൺസിലിയേഷൻ പത്രിക പൊരുത്തപ്പെടുത്തി | 1-1-6 |
| 8 | വരവിനങ്ങളുടെ മുൻകൂർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-1-7 |
| 9 | വസ്തു നികുതി റെസിഡൻഷ്യൽ-വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | വസ്തുനികുതി നോൺറസിഡൻഷ്യൽ -സഞ്ചയയും വാർഷികകണക്കും പൊരുത്തമില്ല | 1-1-9 |
| 11 | വസ്തു നികുതി റസിഡൻഷ്യൽ കുടിശ്ശിക -സഞ്ചയയും വാർഷികകണക്കും പൊരുത്തമില്ല | 1-1-10 |
| 12 | വസ്തുനികുതി നോൺ-റെസിഡൻഷ്യൽ കുടിശ്ശിക -സഞ്ചയയും വാർഷികകണക്കും പൊരുത്തമില്ല. | 1-1-11 |
| 13 | ലൈബ്രറി സെസ്സ് - ഡിമാന്റ് കുറവ് ചെയ്യൽ തുക വ്യത്യാസം | 1-1-12 |
| 14 | വസ്തുനികുതി മുൻകൂർ-സഞ്ചയയും വാർഷികകണക്കും പൊരുത്തമില്ല. | 1-1-13 |
| 15 | രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല. | 1-1-14 |
| 16 | ആസ്തി രജിസ്റ്റർ കാലികമല്ല | 1-1-15 |
| 17 | ഡിമാന്റ് രണ്ടു തവണ മാത്രം രേഖപ്പെടുത്തി | 1-1-16 |
| 18 | വാടക -ഡിമാന്റ് രണ്ടുതവണ മാത്രം | 1-1-17 |
| 19 | ജേണലുകൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സൂക്ഷിക്കേണ്ടതാണ് | 1-1-18 |
| 20 | ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-19 |
| 21 | “Prior Period Item” അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക്ഷീറ്റുകളോ ഇല്ല. | 1-1-20 |
| 22 | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 ലെ നീക്കിയിരിപ്പും ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പും തുല്യമല്ല. | 1-1-21 |
| 23 | ബജറ്റ് | 1-2 |
| 24 | ഫണ്ട് വിനിയോഗം | 1-3 |
| 25 | പദ്ധതി അവലോകനം | 1-4 |
| 26 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 27 | ക്ഷേമ പദ്ധതികൾ ( ഇൻകം ആന്റ് എക്സ്പെൻഡീച്ചർ I-6 പ്രകാരമുള്ളത്) | 1-6 |
| 28 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 29 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 30 | നികുതി-നികുതിയേതര വരുമാനം - അവലോകനം | 1-9 |
| 31 | സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുക്കേണ്ടതാണ് | 1-10 |

| | | |
|---|---|---|
| 32 | സ്ഥാപനങ്ങൾ ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ടതാണ്. | 1-11 |
| 33 | കള്ള്ഷാപ്പുകൾ,പൊതുവിതരണ കേന്ദ്രങ്ങൾ, ക്ഷീര സംഘങ്ങൾ എന്നിവക്ക് ലൈസൻസ് അടവാക്കേണ്ടതാണ്. | 1-12 |
| 34 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി അടവാക്കേണ്ടതാണ് | 1-13 |
| 35 | വസ്തു നികുതി നിരക്കിലെ വ്യത്യാസം | 1-14 |
| 36 | ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ പ്രവർത്തനം, വാർഷിക കണക്കുകളുടെ ഓഡിറ്റ് | 1-15 |
| 37 | കന്നുകുട്ടി പരിപാലനം-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 1-16 |
| 38 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-17 |
| 39 | വീട് വാസയോഗ്യമാക്കൽ–മുൻകൂർ തുക കൈപ്പറ്റിയിട്ടും നാളിതുവരെ പണി ആരംഭിച്ചിട്ടില്ല | 1-18 |
| 40 | ബാലസഭ-അധിക ചെലവ് 17000 രൂപ തടസ്സപ്പെടുത്തുന്നു | 1-19 |
| 41 | ഫണ്ടുകൾ സമയബന്ധിതമായി വിനിയോഗിച്ചിട്ടില്ല | 1-20 |
| 42 | വനിതകൾക്ക് സ്വയം തൊഴിലിന് സബ് സിഡി-സബ് സിഡി തുക ബാങ്കിന് നൽകി-നാളിതുവരെ ലോൺ ഗുണഭോക്താവിന് ലഭിച്ചിട്ടില്ല-50000 രൂപ നിരാകരിക്കുന്നു | 1-21 |
| 43 | സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ പദ്ധതികൾ– വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 1-22 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | വനിതകൾക്ക് സ്വയം തൊഴിലിന് സബ് സിഡി-സബ് സിഡി തുക ബാങ്കിന് നൽകി-നാളിതുവരെ ലോൺ ഗുണഭോക്താവിന് ലഭിച്ചിട്ടില്ല-50000 രൂപ നിരാകരിക്കുന്നു | 3-1 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികകണക്കുകളുടെ സംക്ഷിപ്തം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1) പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 21-07-2023 തീയതിയിലെ 4(1)-ാം നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 22-07-2023 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2)C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം:തൃശ്ശൂർ**

**തീയതി: 23.12.2023**

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ**

### 1-1-1 വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

### 1-1-2 വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 6376520 രൂപയാണ്.എന്നാൽ ഇതെ പത്രികയിൽ 2022-23കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -9462015 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.പൊരുത്തക്കേടുകൾ IKMന്റെ ശ്രദ്ധയിൽപ്പെടുത്തി അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമായിട്ടുണ്ട്.ഉടർനടപടികൾ അറിയിക്കേണ്ടതാണ്(ഓഡിറ്റ് അന്വേഷണം നം.5/12.12.2023)

## 1-1-3 മുൻകൂർ തുക തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടിൽ തുക മുൻകൂറായി നല്കിയിട്ടുള്ളതിനാൽ ആയത് കണക്കിൽ ഉചിതമായ "ക്രമീകരിക്കാനവശേഷിയ്ക്കുന്ന മുൻകൂർ" ശീർഷകത്തിലാണ് ബുക്ക് ചെയ്യേണ്ടിയിരുന്നതെങ്കിലും തെറ്റായി ചെലവ് ശീർഷകത്തിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മരുന്ന് ലഭ്യമായത് 2023-24 സാമ്പത്തികവർഷത്തിൽ ആണെങ്കിലും 2022-23 വർഷത്തെ വാർഷികക്കണക്കിൽ ഇത് ചെലവായി രേഖപ്പെടുത്തിയിരിക്കുന്നു.

| പ്രോജക്ക്റ്റ് നം/പേര് | ഫണ്ട് | വൌച്ചർ നമ്പർ | തുക | മരുന്ന ലഭ്യമായതിന്റെ വിവരം | ചെലവ് രേഖപ്പെടുത്തിയ ശീർഷകം |
|---|---|---|---|---|---|
| 10/ PURCHASE OF MEDICINE FOR HOMEO DISPENSARY | Maintenance Fund - Non-Road Assets | 42201546/02-11-2022 | 200000 | 89887 രൂപയുടെ മരുന്ന് 10/7/2023 നം 110113 രൂപയുടെ മരുന്ന് 20/10/2023 നം ആണ് ലഭ്യമായിട്ടുള്ളത് | 251110208 |

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 16(3) പ്രകാരം നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് ചെലവ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കി പഞ്ചായത്തിലെ അക്കൗണ്ട്സ് വിഭാഗം ചെലവ് ശീർഷകങ്ങൾ കൃത്യമാക്കാത്തതാണ് ഇതിന് കാരണം. നിർവ്വഹണോദ്യോഗസ്ഥൻ ഏതുദ്ദേശ്യത്തിന് തുക വിനിയോഗിച്ചുവെന്ന വിവരങ്ങൾ പഞ്ചായത്തിലെ അക്കൗണ്ട്സ് വിഭാഗത്തിന് ലഭ്യമാക്കേണ്ടതും അക്കൗണ്ട്സ് വിഭാഗം ഈ ചെലവുകൾ ഉചിതമായ ശീർഷകത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-1-4 കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ശീർഷകത്തിലേക്ക് മാറ്റിയില്ല

താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)).

ബാങ്ക്- THRISSUR DISTRICT CO-OPERATIVE BANK LTD. VELLANGALLUR BRANCH( 10719000750 )

| ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|
| 27-06-2020 | 019739 | 360 |

| | | |
|---|---|---|
| 02-06-2021 | 022981 | 450 |

അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമായിട്ടുണ്ട്. തുടർവിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-1-5 "Cheque Deposited But Not Encashed " എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ട ഇനങ്ങൾ "Directly Debited By Bank" എന്ന ശീർഷകത്തിൽ ചേർത്ത് ബാങ്ക് റികൺസിലിയേഷൻ പത്രിക പൊരുത്തപ്പെടുത്തി

താഴെ ചേർത്തിരിക്കുന്ന SBI_EPAYMENT IRINJALAKUDA( 37175318022 )ബാങ്ക് അക്കൌണ്ടിന്റെ 31/3/2023വരെയുള്ള എല്ലാ മാസത്തേയും റീകൺസീലിയേഷൻ പത്രികയിൽ " Directly Debited By Bank" എന്ന ശീർഷകത്തിൽ താഴെ ചേർത്തിരിക്കുന്ന തുകകൾ ഉൾപ്പെട്ടുത്തിയിട്ടുണ്ട്.

| തീയ്യതി | തുക |
|---|---|
| 04-12-2022 | 273 |
| 27-10-2022 | 457 |
| 27-10-2022 | 750 |
| 14-02-2023 | 14 |
| 22-02-2023 | 69 |
| ആകെ | 1563 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ഓൺലൈൻ ആയി അടവാക്കുന്ന തുകകൾ സഞ്ചയ സോഫ്റ്റ് വെയറിൽ ക്രെഡിറ്റ് ആകുന്ന സമയത്ത് ബാങ്കിൽ ക്രെഡിറ്റ് ആകുന്നില്ലെന്നും ബാങ്കിൽ ക്രെഡിറ്റ് ആകാത്ത തുകകൾ റസീപ്റ്റ് ചെയ്ത് Directly Debited By Bank എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തുകയും തുക ബാങ്കിൽ ക്രെഡിറ്റ് ആകുന്ന സമയത്ത് റികൺസിലിയേഷൻ നടത്തുകയുമാണ് ചെയ്യുന്നതെന്നും മറുപടി ലഭ്യമായിട്ടുണ്ട്. ഈ തുകകൾ "Cheque Deposited But Not Cashed " എന്ന ശീർഷകത്തിലാണ് ഉൾപ്പെടുത്തേണ്ടിയിരുന്നത് എന്നാൽ Directly Debited By Bank (അതായത് സ്ഥാപനം ഇഷ്യൂ ചെയ്യാത്ത ചെലവുകൾ ബാങ്കിൽ നിന്നും കുറവ് ചെയ്തു )എന്ന തരത്തിൽ ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഈ അപാകതകൾ 2023-24 ൽ പരിഹരിക്കേണ്ടതും IKM ൽ നിന്നും തുക ലഭ്യമാകുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-1-6 "Cheque Issued But Not Presented"എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ട ഇനങ്ങൾ "Directly Credited By Bank" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി ബാങ്ക് റികൺസിലിയേഷൻ പത്രിക പൊരുത്തപ്പെടുത്തി

"Directly Credited By Bank" എന്ന ഇനത്തിൽ 30341 രൂപ ഉൾപ്പെടുത്തിയാണ് താഴെ ചേർത്തിരിക്കുന്ന റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ബാങ്ക് | തീയ്യതി | തുക |
|---|---|---|---|
| 1 | SBI_EPAYMENT IRINJALAKUDA( 37175318022 ) | 31-03-2023 | 341 |
| 2 | THRISSUR DISTRICT CO-OPERATIVE BANK LTD. VELLANGALLUR BRANCH( 10719000750 ) | 29-3-2023 | 30000 |
| | ആകെ | | 30341 |

1) പട്ടികയിലെ ക്രമ.നം.2 – 29.3.2023 ൽ NEFT ചെയ്യുന്നതിന് നല്കിയ ചെക്ക് (നം.33704) തുക-30000 രൂപ ,ഗുണഭോക്താവിന് ക്രെഡിറ്റ് ആകാതെ തിരിച്ചുവരികയും പിന്നീട് 3.4.2023 ന് ബാങ്കിൽനിന്നും തുക

ഗുണഭോക്താവിന് നല്കുകയും ചെയ്യുന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായിട്ടുണ്ട്. ഈ തുകകൾ "Cheque Issued But Not Presented"എന്ന ശീർഷകത്തിലാണ് ഉൾപ്പെടുത്തേണ്ടിയിരുന്നത്. എന്നാൽ ഇവ തെറ്റായി “Directly Credited By Bank” (അതായത് സ്ഥാപനം വരവ് വയ്ക്കാത്ത തുകകൾ ബാങ്കിൽ വരവ് വന്നു എന്ന രീതിയിൽ)എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയാണ് ബാങ്ക് റികൺസിലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്. 2023-24 വർഷത്തിൽ ഈ അപാകത പരിഹരിക്കേണ്ടതാണ്.

2)പട്ടികയിലെ ക്രമ.നം.1 – ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ പഞ്ചായത്തിന്റെ ബാങ്ക് അക്കൌണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും ,പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്.

**1-1-7 വരവിനങ്ങളുടെ മുൻകൂർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്.എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ.നം | വരുമാനം | മുൻകൂർ ശീർഷകം | 31/3/2023 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/trad/prof | 219300 |
| 2 | ലൈസൻസ് | 350410301-Advance Collection Of Revenues-Factories,Trades Enterpreneurs And Other Services | 250050 |
| 3 | ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് | 350410302-Advance Collection Of Revenues-Licence Fees For Live Stock Farm | 4400 |

**1-1-8 വസ്തു നികുതി റെസിഡൻഷ്യൽ-വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.**

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്.

എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

**തൻവർഷം**

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3498641 | 3468783 | 20035 | 14635 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3498641 | 3463981 | 5871 | 14635 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | ( 350410101- Advance Collection- PT On Res. Bldg-ന്റെ ലെഡ്ജർ) | *( 15372/105X100=14640) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.കളക്ഷൻ തുക ,മുൻകൂർ ക്രമീകരിച്ചതുക എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു
രസീത് ഇഷ്യൂ ചെയ്യുന്ന അക്കൌണ്ടിങ്ങ് സോഫ്റ്റ് വെയറിൽ ചേർത്തതിനേക്കാൾ 4802രൂപ ഡി.സി.ബിസോഫ്റ്റ് വെയറിൽ പോസ്റ്റിങ്ങ് വന്നിരിക്കുന്നു. ആയത് പരിശോധിക്കേണ്ടതാണ്.

2.വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സഞ്ചയസോഫ്റ്റ്‌വെയറിലും വാർഷികകണക്കിലും കണക്കാക്കപ്പെടുന്നില്ല.അപാകത IKM ന്റെ ശ്രദ്ധയിൽപ്പെടുത്തുകയും തുടർന്ന് ഇത്തരത്തിലുള്ള പൊരുത്തക്കേടുകൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണെന്ന് മറുപടി ലഭ്യമായിട്ടുണ്ട്(ഓഡിറ്റ് അന്വേഷണം നം.5/12-12-2023). തുടർവിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-1-9 വസ്തുനികുതി നോൺറസിഡൻഷ്യൽ -സഞ്ചയയും വാർഷികകണക്കും പൊരുത്തമില്ല

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2218499 | 2184860 | 20219 | 19695 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2218499 | 2178600 | 8648 | 19695 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ | ( 350410104- Advance Collection- PT On NR | *( 20681/105X100=19696) (ബാലൻസ്ഷീറ്റ് |

| | | | | | |
|---|---|---|---|---|---|
| | | | ആർ.പി-45) | Bldg-ന്റെ ലെഡ്ജർ) | ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.കളക്ഷൻ തുക ,മുൻകൂർ ക്രമീകരിച്ചതുക എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു
രസീത് ഇഷ്യൂ ചെയ്യുന്ന അക്കൌണ്ടിങ്ങ് സോഫ്റ്റ് വെയറിൽ ചേർത്തതിനേക്കാൾ 6260 രൂപ ഡി.സി.ബിസോഫ്റ്റ് വെയറിൽ പോസ്റ്റിങ്ങ് വന്നിരിക്കുന്നു. ആയത് പരിശോധിക്കേണ്ടതാണ്.

2.വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുകസഞ്ചയസോഫ്റ്റ്വെയറിലും വാർഷികകണക്കിലുംകണക്കാക്കപ്പെടുന്നില്ല.അപാകത IKM ന്റെ ശ്രദ്ധയിൽപ്പെടുത്തുകയും തുടർന്ന് ഇത്തരത്തിലുള്ള പൊരുത്തക്കേടുകൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണെന്ന് മറുപടി ലഭ്യമായിട്ടുണ്ട്(ഓഡിറ്റ് അന്വേഷണം നം.5/12-12-2023). തുടർവിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-1-10 വസ്തു നികുതി റസിഡൻഷ്യൽ കുടിശ്ശിക -സഞ്ചയയും വാർഷികകണക്കും പൊരുത്തമില്ല

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 45601 | 33121 | 12489 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 29577 | 33121 | 12489 |
| | *(2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>(17295+13761=31056/105*100=29577) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | *(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (13123/105X100)= 12498<br>ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1. ഡിമാന്റ് തുക വ്യത്യാസപ്പെട്ടിരിക്കുന്നു

2.വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സഞ്ചയസോഫ്റ്റ്വെയറിലും വാർഷികകണക്കിലുംകണക്കാക്കപ്പെടുന്നില്ല. അപാകത IKM ന്റെ ശ്രദ്ധയിൽപ്പെടുത്തുകയും തുടർന്ന് ഇത്തരത്തിലുള്ള പൊരുത്തക്കേടുകൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണെന്ന് മറുപടി ലഭ്യമായിട്ടുണ്ട്(ഓഡിറ്റ് അന്വേഷണം നം.5/12-12-2023). തുടർവിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-1-11 വസ്തുനികുതി നോൺ-റെസിഡൻഷ്യൽ കുടിശ്ശിക -സഞ്ചയയും വാർഷികകണക്കും

പൊരുത്തമില്ല.

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 450010 | 400449 | 49571 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 447321 | 400449 | 49571 |
| | (2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(222280+247408=469688/105*100=447321) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (52050/105X100= 49571) |

1.ഡിമാന്റ് തുക എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു

2.വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുകസഞ്ചയസോഫ്റ്റ്‌വെയറിലും വാർഷികകണക്കിലുംകണക്കാക്കപ്പെടുന്നില്ല. അപാകത IKM ന്റെ ശ്രദ്ധയിൽപ്പെടുത്തുകയും തുടർന്ന് ഇത്തരത്തിലുള്ള പൊരുത്തക്കേടുകൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണെന്ന് മറുപടി ലഭ്യമായിട്ടുണ്ട്(ഓഡിറ്റ് അന്വേഷണം നം.5/12-12-2023). തുടർവിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-1-12 ലൈബ്രറി സെസ്സ് - ഡിമാന്റ് കുറവ് ചെയ്യൽ തുക വ്യത്യാസം

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരവും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരവും 308311 രൂപയാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്.എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നുണ്ടെങ്കിലും , ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് മേൽതുകയല്ല, മറിച്ച് 309944 രൂപയാണ്.(വൌച്ചർ 42201795/31-03-2023 ,308311 രൂപ & വൌച്ചർ 42201798/31-03-2023,1633 രൂപ ).അപാകത IKM ന്റെ ശ്രദ്ധയിൽപ്പെടുത്തുകയും തുടർന്ന് ഇത്തരത്തിലുള്ള പൊരുത്തക്കേടുകൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണെന്ന് മറുപടി ലഭ്യമായിട്ടുണ്ട്(ഓഡിറ്റ് അന്വേഷണം നം.5/12-12-2023). തുടർവിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-1-13 വസ്തുനികുതി മുൻകൂർ-സഞ്ചയയും വാർഷികകണക്കും പൊരുത്തമില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2023 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax | 4803 | 458220 |

| | | | |
|---|---|---|---|
| | On Residential Building | | |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 6260 | 68454 |

അപാകത IKM ന്റെ ശ്രദ്ധയിൽപ്പെടുത്തുകയും തുടർന്ന് ഇത്തരത്തിലുള്ള പൊരുത്തക്കേടുകൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണെന്ന് മറുപടി ലഭ്യമായിട്ടുണ്ട്(ഓഡിറ്റ് അന്വേഷണം നം.5/12-12-2023). തുടർവിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-1-14 രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല.

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി ,വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി,സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)).നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1.തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ

2.ലൈസൻസ് ഡിമാന്റ് രജിസ്റ്റർ

3.വാടക ഡിമാന്റ് രജിസ്റ്റർ

4.പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

5.ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

മുൻകൂർ തുക കണക്കുകൾ രേഖപ്പെടുത്തുന്നതിന് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായിട്ടുണ്ട്. തുടർവിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-1-15 ആസ്തി രജിസ്റ്റർ കാലികമല്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്. ആസ്തി രജിസ്റ്റർ പുതുക്കുന്നതിന് CSRD എന്ന ഏജൻസിയെ ഏൽപ്പിക്കുകയും ടി ഏജൻസി തയ്യാറാക്കിയ ലിസ്റ്റ് ന്യൂനതകൾ പരിഹരിച്ച് ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് അന്വേഷണം നം.5/12-12-2023). തുടർവിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-1-16 ഡിമാന്റ് രണ്ടു തവണ മാത്രം രേഖപെടുത്തി

1/4/2023ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി

സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.2022-23 വർഷത്തിൽ വേളൂക്കര ഗ്രാമപഞ്ചായത്തിൽ 267 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്.എന്നാൽ 2022-23 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100102-Property Tax On Non Residential Buiiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022-23സാമ്പത്തിക വർഷത്തെ ഡിമാന്റ് രണ്ടു തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.

| ശീർഷകം | വൌച്ചർ നം | ഡിമാന്റ് തുക |
|---|---|---|
| 110100101-Property Tax On Residential Buiding | 42200372/07-07-2022<br>42201791/31-03-2023 | 3,153,569രൂപ<br>345,072രൂപ |
| 110100102-Property Tax On Non Residential Buiiding | 42200373/07-07-2022<br>42201792/31-03-2023 | 1,973,247രൂപ<br>245,252 രൂപ |

ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും ,ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-1-17 വാടക -ഡിമാന്റ് രണ്ടുതവണ മാത്രം

2022-23 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൌച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക(4 കെട്ടിടങ്ങൾ) | 130100101-Rent From Building | 130,350രൂപ | 31-03-2023 | 42201807 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ

രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

**1-1-18 ജേണലുകൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സൂക്ഷിക്കേണ്ടതാണ്**

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എന്ട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്,ബാക്കി,മുൻകൂർ,കുടിശ്ശിക ഡിമാന്റ്,കുടിശ്ശിക പിരിവ്,കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും,ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും,മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല.എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

**1-1-19 ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്.എന്നാൽ നികുതി ,നികുതിയെതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി ,സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 ,കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. തുടർവർഷങ്ങളിൽ പ്രൊവിഷൻ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമായിട്ടുണ്ട്.

**1-1-20 "Prior Period Item" അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക്ഷീറ്റുകളോ ഇല്ല.**

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ഐ-19 & ഐ-18 പ്രകാരം താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-19& I-18) | 31/3/2023 ലെ ലെഡ്ജർ ബാക്കി |
|---|---|
| 190100101-Prior Period Income -Property Tax | -3940രൂപ(RP-11ൽ 3014രൂപ ചേർത്തിട്ടുണ്ട്) |
| 290800701-Prior Period Expenses-Miscellaneous Expenses | 341706രൂപ |

**1-1-21 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 ലെ നീക്കിയിരിപ്പും ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പും തുല്യമല്ല.**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ,ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/23ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/23 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്.അപ്രകാരം തുല്യമാകാത്തവയുടെ

വിവരങ്ങൾ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
| 1 | 320200104 | Central Finance Commisision Grant-Basic Tax Grant | 1495349 | 450240111 | ICICI CFC (21701002231) | 7314855 |
| 2 | 320200113 | Central Finance Commisision Grant-tied Fund | 5819655 | | | |
| | | ആകെ | 7315004 | | | |
| 3 | 32100128 | Grants From Suchitwa Mission | 7 | - | - | - |

## 1-2 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 23 / 03/ 2022 | |
| കമ്മിറ്റി തീരുമാനം | 1 (1) | |
| പ്രതീക്ഷിത വരവ് , ചെലവ് എന്നിവ | വരവ് | ചെലവ് |
| | 23,82,53,217 | 23,75,54,342 |
| **റിവൈസ്ഡ് ബജറ്റ്** | | |
| പാസ്സാക്കിയ തിയതി കമ്മിറ്റി തീരുമാനം റിവൈസ്ഡ് ബജറ്റ് | 25 /02 / 2023 | |
| കമ്മിറ്റി തീരുമാനം | 3 (1) | |
| പ്രതീക്ഷിത വരവ് , ചെലവ് എന്നിവ | വരവ് | ചെലവ് |
| | 25,26,38,403 | 24,73,45,147 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | *** ലാപ്സായ തുക/****ബാങ്കിൽ നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | **22560000 | 22560000 | 18808804 | 3751196*** |
| വികസന ഫണ്ട്-എസ്.സി.പി | 0 | **12577000 | 12577000 | 11853275 | 723725*** |
| വികസന ഫണ്ട്-ടി.എസ്.പി | 0 | **132000 | 132000 | 126752 | 5248*** |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, റോഡ് | 0 | 20755000 | 20755000 | 18081543 | 2673457*** |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 5343000 | 5343000 | 3897902 | 1445098*** |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺടൈഡ് (ബാങ്ക്) | *509660 | 3486907 (213907രൂപ പലിശ ഉൾപ്പെടെ) | 3996567 | 2501218 | 1495349**** |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് (ബാങ്ക്) | *1537212 | 4909000 | 6446212 | 626557 | 5819655**** |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്, ടൈഡ് (ട്രഷറി) | 0 | 751604 | 751604 | 375802 | 375802*** |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്, അൺടൈഡ് (ട്രഷറി) | 0 | 59676 | 59676 | 56000 | 3676*** |
| സാക്ഷരത | 23690 | 0 | 23690 | 0 | 23690**** |
| അങ്കണവാടി ന്യൂട്രിഷൻ | 383862 | 1096362 | 1480224 | 792046 | 688178**** |
| ടി.എസ് .സി | 1100000 | 0 | 1100000 | 0 | 1100000**** |
| ഐ.സി.ഡി.എസ് | 1173 | 0 | 1173 | 0 | 1173**** |
| ആയുർവേദം | 0 | 450000 | 450000 | 0 | 450000**** |
| വിമുക്തി | 32883 | 0 | 32883 | 0 | 32883**** |
| ആർദ്രം അവാർഡ് | 0 | 500000 | 500000 | 0 | 500000**** |
| ഡെവലപ്മെന്റ് ഓഫ് ഷെഡ്യൂൾഡ് ട്രൈബ്സ് | 38210 | 0 | 38210 | 0 | 38210**** |
| എം.പി ഫണ്ട് | 3175 | 0 | 3175 | 0 | 3175**** |
| ടോട്ടൽ സാനിട്ടേഷൻ | 1058189 | 0 | 1058189 | 0 | 1058189**** |
| ഹെൽത്ത് ഗ്രാന്റ്-ഡയഗണോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ പി.എച്ച്.സി | 0 | 227181 | 227181 | 0 | 227181**** |
| ഹെൽത്ത് ഗ്രാന്റ്-കൺവെർഷൻ ഓഫ് പി.എച്ച്.സി -ഹെൽത്ത് &വെൽനെസ്സ് | 0 | 36467 | 36467 | 0 | 36467**** |

| | | | | | |
|---|---|---|---|---|---|
| സെന്റർ | | | | | |
| ലൈഫ്- സ്റ്റേറ്റ് ഷെയർ | 0 | 900000 | 900000 | 700000 | 200000**** |
| ഡൊണേഷൻസ് (Pandemic/Epidemic Control) | 48894 | 0 | 48894 | 40069 | 8825**** |
| എൻ.ആർ.എച്ച്.എം | 0 | 141620 | 141620 | 141620 | 0 |
| ഗ്രാന്റ്സ് /ഫണ്ട്സ് (Pandemic/Epidemic Control) | 0 | 133579 | 133579 | 133579 | 0 |
| ശുചിത്വമിഷൻ | 0 | 7 | 7 | 0 | 7**** |

**ഗ്രാന്റ് സ്റ്റേറ്റ്മെന്റ് വികസന ഫണ്ട്-ജനറൽ,എസ്.സി.പി ,ടി.എസ്.പി എന്നിവയിൽ സോഷ്സ് ഡിഡക്ഷൻ ഉൾപ്പെടുത്തിയിട്ടില്ല. മേൽ തുക കൂടി ഉൾപ്പെടുത്തിയാണ് പട്ടികയിൽ വരവും ചെലവും ചേർത്തിട്ടുള്ളത്.
*സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Tied &Untied ന്റെ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ മുന്നിരിപ്പ്, പലിശ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. ഇവ കൂടി ഉൾപ്പെടുത്തിയ തുകകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതി ത്തുകയുടെ ശതമാനം | നടപ്പാക്കിയ പദ്ധതിയുടെ ശതമാനം |
|---|---|---|---|---|---|
| 213 | 126644524 | 167 | 68944712 | 54.44 | 78.40 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1890 | 893306 | 895196 | 895075 | 121 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | Nil | 15300966 | 15300966 | 15300966 | Nil |
| മെറ്റിരീയൽ കോസ്റ്റ് | Nil | 3765990 | 3765990 | 3765990 | Nil |
| ആകെ | 1890 | 19960262 | 19962152 | 19962031 | 121 |

## 1-6 ക്ഷേമ പദ്ധതികൾ ( ഇൻകം ആന്റ് എക്സ്പെൻഡീച്ചർ I-6 പ്രകാരമുള്ളത്)

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2990000 | 239 |
| വിധവാ പെൻഷൻ | 10688600 | 972 |
| വാർദ്ധക്യകാല പെൻഷൻ | 32038400 | 3059 |
| വികലാംഗപെൻഷൻ | 3151600 | 274 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1275200 | 110 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 120000 | 4 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന

11-12-2023 തീയതിയിൽ 2.50 P.M ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.

പരിശോധനയിൽ 99955/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 നികുതി-നികുതിയേതര വരുമാനം - അവലോകനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി മിനുട്ട്സ് പരിശോധനയിൽ പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ അവതരിപ്പിച്ചിട്ടില്ല. കുടുംബശ്രീ അംഗങ്ങൾ മുഖേന നോട്ടീസ് വിതരണവും അനൗൺസ്മെന്റ് വഴി കളക്ഷൻ ക്യാമ്പുകൾ സംബന്ധിച്ച് വ്യാപക പ്രചരണവും 2022-23 സാമ്പത്തിക വർഷം നടപ്പിലാക്കിയിട്ടുണ്ട്.

നികുതി വരുമാനത്തിന്റെ ഡിസിബി സ്റ്റേറ്റ്മെന്റുകൾ സാമ്പത്തിക വർഷാവസാനം ധനകാര്യ കമ്മിറ്റിയിൽ അവതരിപ്പിക്കാറുണ്ട്. ഓഡിറ്റ് നിർദ്ദേശ പ്രകാരം ഡിസിബി സ്‌റ്റേറ്റ്മെന്റുകൾ തയ്യാറാക്കി മൂന്നുമാസത്തിലൊരിക്കൽ ഭരണസമിതി യോഗത്തിൽ സമർപ്പിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്നുമാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തുന്നില്ല. തുടർന്നുള്ള എല്ലാ ഗ്രാമസഭകളിലും ഓഡിറ്റ് നിർദ്ദേശം പാലിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം.01/06.12.23)

വരുമാന വർദ്ധനവ്

കഴിഞ്ഞ രണ്ട് വർഷത്തെ നികുതി നികുതിയേതര വരുമാനങ്ങളുടെ വർദ്ധനവ് താഴെ ചേർക്കും പ്രകാരമാണ്.

| ഇനം | 2021-22 | 2022-23 | വർദ്ധനവ് ( % ) | |
|---|---|---|---|---|
| വസ്തുനികുതി റെസിഡൻഷ്യൽ | 3311247 | 3498641 | 5.7% | 334 കെട്ടിടങ്ങൾ 2022-23 ൽ അസ്സസ് ചെയ്തു. |
| വസ്തുനികുതി നോൺ റെസിഡൻഷ്യൽ | 2071909 | 2218499 | 7.07% | |
| തൊഴിൽ നികുതി-സ്ഥാപനങ്ങൾ, ട്രേഡേഴ്സ് | 277940 | 362660 | 30.48% | |
| തൊഴിൽ നികുതി - ജീവനക്കാർ | 1916170 | 2086610 | 8.89% | |
| FACTEOS ലൈസൻസ് | 271100 | 327750 | 20.90% | |

വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും, കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് ഇല്ലാത്തതാണ്. ആയതിനാൽ മുഴുവൻ നികുതി നികുതിയേതര വരുമാനങ്ങളുടെയും ഡിമാന്റ് പൂർണമായും നടത്തിയോ എന്ന പരിശോധന നടത്താൻ സ്ഥാപനത്തിനോ ഓഡിറ്റിനോ സാധിക്കുന്നില്ല.

വസ്തുനികുതി

01.04.2023 ലെ വസ്തു നികുതി പരിഷ്കരണങ്ങൾ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശയോടെ സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി മറ്റു

പ്രത്യേകതകൾ എന്നിവ പരിഗണിച്ച് ഓരോ കെട്ടിട വിഭാഗത്തിന്റെയും അടിസ്ഥാന നിരക്കുകൾ, ഗ്രാമപഞ്ചായത്ത് ഭൂപ്രദേശത്തെ മേഖല തരംതിരിവ് എന്നിവ സംബന്ധിച്ച കരട് വിജ്ഞാപനം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 15.09.2023 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അന്തിമ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

01.04.2023 തീയതിയിലെ വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച് IKM -ൽ നിന്നും സോഫ്റ്റ്‌വെയർ അപ്ഡേഷൻസ് ലഭ്യമാകാത്തതിനാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ പുതിയ നിരക്ക് അപ്ഡേറ്റ് ചെയ്തിട്ടില്ല. ആയതിനാൽ പുതുക്കിയ നിരക്കിൽ നിലവിൽ (01.04.2023 മുതൽ) നികുതി ഈടാക്കി തുടങ്ങിയിട്ടില്ല. വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തി ഡാറ്റാ ലോക്ക് ചെയ്തിട്ടുണ്ട്.

2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണയിക്കുമ്പോൾ പ്രസ്തുത മേഖലകളുടെ അടിസ്ഥാനത്തിലാണ് നികുതി ഇളവ് അനുവദിക്കേണ്ടത്. ഗ്രാമപഞ്ചായത്ത് ഭൂപ്രദേശത്തെ വിവിധ മേഖലകൾ ആയി തരംതിരിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ടെങ്കിലും പഞ്ചായത്തിൽ മേഖലാ തലത്തിലുള്ള മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. പഞ്ചായത്തിൽ വാർഡ് തലത്തിലുള്ള റോഡ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട് എന്നാൽ റോഡ് മാപ്പ് തയ്യാറാക്കിയിട്ടില്ല.

തുറസ്സായ സ്ഥലവും പാർക്കിംഗ് സ്ഥലവും കയ്യേറി നടത്തുന്ന അനധികൃത കെട്ടിട നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനായി സർക്കുലർ RB3/178/2020-ത.സ്വ.ഭ.വ തിയതി.20.06.2022 പ്രകാരം ഫീൽഡ് സന്ദർശനങ്ങൾ നടത്തുകയും കണ്ടെത്തുന്ന അനധികൃത നിർമ്മാണങ്ങൾ പൊളിച്ചുകളയുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്.

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം നിലവിലുള്ള കെട്ടിടങ്ങൾ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ കുറവ് നിരക്കിലുള്ള ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണയിച്ചതായും കാണുന്നു. പുതിയ വിജ്ഞാപന പ്രകാരം നികുതി നിരക്കുകൾ പരിഷ്കരിക്കുമ്പോൾ ടി കെട്ടിടങ്ങൾക്ക് തെറ്റായ നിരക്കിൽ നികുതി നിർണയിക്കാനുള്ള സാധ്യത വളരെ കൂടുതലാണ്. മാത്രമല്ല ഇത്തരത്തിൽ നികുതി നിർണയം നടത്തുമ്പോൾ വൻ തോതിലുള്ള വരുമാന നഷ്ടത്തിനും ഇടയുണ്ട്. ആയതിനാൽ കെട്ടിടങ്ങളിൽ സ്ഥല പരിശോധന നടത്തിയതിനു ശേഷം ബാധകമായ നിരക്കിൽ നികുതി നിർണയിക്കേണ്ടതാണ്.

സേവന ഉപനികുതി

പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം ശുചിത്വ പരിപാലനം തെരുവുവിളക്കുകൾ ഡ്രൈനേജ് തുടങ്ങിയവ) ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യുന്നില്ല. ആയതിനുള്ള സാധ്യത ഭരണ സമിതി പരിശോധിച്ച് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിൽ ഏർപ്പെട്ടിരിക്കുന്നവർ (അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ) സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റ ബേസ് സൂക്ഷിക്കുന്നില്ല. നികുതി അടവാക്കിയവരുടെ വിവരങ്ങൾ മാത്രമാണ് ഡിമാന്റ് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടുള്ളത്. തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം ചെയ്യുന്നുണ്ട്.

വിനോദനികുതി

അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്ബ്/സ്റ്റേഡിയം, നീന്തൽകുളങ്ങൾ, കേബിൾ ടിവി നെറ്റ്‌വർക്ക് എന്നിവയ്ക്ക് നിലവിൽ പഞ്ചായത്തിൽ പ്രവർത്തന അനുമതി നല്കിയിട്ടില്ല. 2022-23 സാമ്പത്തികവർഷത്തിൽ പഞ്ചായത്ത് പരിധിയിൽ വിപണനമേളകൾ ഒന്നും തന്നെ നടന്നിട്ടില്ല. പഞ്ചായത്ത് പരിധിയിൽ സിനിമ തിയറ്ററുകളൊന്നും പ്രവർത്തിക്കുന്നില്ല. ആയതിനാൽ തന്നെ പഞ്ചായത്തിന് വിനോദനികുതി ഇനത്തിൽ വരുമാനമില്ല.

നികുതിയേതര വരവുകൾ

(1) വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ.

ഗ്രാമപഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി വരുന്നുണ്ട്. പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി വരുന്നുണ്ടെങ്കിലും ചില സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നുണ്ട്. ആയത് സംബന്ധിച്ച് ഖണ്ഡിക 1-11ൽ പരാമർശിക്കുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും) ലൈസൻസ് നൽകൽ, ഭേദഗതി ചട്ടങ്ങൾ, 2017 ലെ ചട്ടം 18, 21, 24 എന്നിവ പ്രകാരം പരിശോധന നടത്തിയിട്ടുണ്ട്.

